"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭാരതീയ ചികിത്സാ വകുപ്പ്-കണ്ണൂർ ജില്ലയിലെ പിണറായി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയെ 30 കിടക്കകളുള്ള ആയുർവേദ ആശുപത്രിയായി ഉയർത്തിയും അധിക തസ്തിക സൃഷ്ടിച്ചും -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ്(എ) വകുപ്പ്**

സ.ഉ.(കൈ) നം.6/2025/AYUSH തീയതി,തിരുവനന്തപുരം, 05-05-2025

---

പരാമർശം:- ഭാരതീയ ചികിത്സാ വകുപ്പ ഡയറക്ടറുടെ 13.08.2024, 22.11.2024 എന്നീ തീയതികളിലെ ബി2/1818/2022 നം. കത്തുകൾ

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പിണറായി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയിൽ പ്രതിവർഷം പതിനായിരത്തോളം രോഗികൾ ചികിത്സ തേടിയെത്തുന്നുണ്ടെന്നും ചികിത്സ തേടിയെത്തുന്ന രോഗികളിൽ ഭൂരിഭാഗം പേർക്കും കിടത്തി ചികിത്സ ആവശ്യമായി വരുന്നുവെന്നും നിലവിൽ കിടത്തി ചികിത്സിക്കേണ്ട രോഗികളെ ടി ഡിസ്പെൻസറിയിൽ നിന്നും 2 0 കി.മീ. അകലെയുള്ള കണ്ണൂർ ജില്ലാ ആയുർവേദ ആശുപത്രിയിലേക്കും 15 കി.മീ. അകലെയുള്ള തലശ്ശേരി ഗവൺമെന്റ് ആയുർവേദ ആശുപത്രിയിലേക്കുമാണ് റഫർ ചെയ്യുന്നതെന്നും ഇത്രയും ദൂരം യാത്ര ചെയ്ത് ചികിത്സിക്കാൻ പ്രായമുള്ള പല രോഗികൾക്കും സാധിക്കുന്നില്ലെന്നും ആയതിനാൽ ടി ആയുർവേദ ആശുപത്രിയെ 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തി നാഷണൽ ആയുഷ് മിഷൻ മുഖേന കരാർ വ്യവസ്ഥയിൽ നിയമിക്കുവാൻ സാധിക്കുന്ന 6 തസ്തികകളും, സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് 12 സ്ഥിര തസ്തികളും സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ മേൽ പരാമർശിത കത്തുകൾ പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ പിണറായി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയെ 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തിയും ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള തസ്തികകൾ സൃഷ്ടിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | തസ്തിക | ശമ്പള സ്കെയിൽ | എണ്ണം |
|---|---|---|---|
| 1. | ചീഫ് മെഡിക്കൽ ഓഫീസർ | 63700-123700 | 1 |
| 2. | നഴ്സ് ഗ്രേഡ്-II | 27900-63700 | 2 |
| 3. | ക്ലാർക്ക് | 26500-60700 | 1 |
| 4. | ആയുർവേദ തെറാപിസ്റ്റ് | 27900-63700 | 1 |
| 5. | നഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ്-II | 24400-55200 | 1 |

3. കൂടാതെ നാഷണൽ ആയുഷ് മിഷൻ മുഖേന കരാർ നിയമന വ്യവസ്ഥയിൽ മെഡിക്കൽ ഓഫീസർ (1), ഫാർമസിസ്റ്റ് (1), നഴ്സ് (1), ആയുർവേദ തെറാപ്പിസ്റ്റ് (2), നഴ്സിംഗ് അസിസ്റ്റന്റ് (1) എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിനും , കുക്ക്(1), സാനിറ്റേഷൻ വർക്കർ(1) എന്നീ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, ഭാരതീയ ചികിത്സാവകുപ്പ്, തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ(ഐ.എസ്.എം),കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം
പൊതുഭരണ(എസ്.സി) വകുപ്പ്.(ഇനം നം.2894 തീയതി 30.04.2025)
ധനകാര്യ വകുപ്പ് (1697105/HLT-A3/16/2021-Fin തീയതി 25.01.2025)
വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:(1)ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
(2)ബഹു. ആരോഗ്യവും വനിത ശിശുവികസനവും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-04-2025

ഫയൽ നം. എ1/203/2024/ആയുഷ്. ഇനം നം: 2894

വിഷയം : ആയുഷ് വകുപ്പ് - കണ്ണൂർ ജില്ലയിലെ പിണറായി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി 30 കിടക്കകളുള്ള ആയുർവേദ ആശുപത്രിയായി ഉയർത്തി തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആയുഷ് വകുപ്പ്.

2894

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | എ 1/203/2024-ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | കണ്ണൂർ ജില്ലയിലെ പിണറായി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി 30 കിടക്കകളുള്ള ആയുർവേദ ആശുപത്രിയായി ഉയർത്തി തസ്തിക സൃഷ്ടിക്കുന്നത്- സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 29-03-2025 |
| 5. i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അതെ |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട്. |
| 6.മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല.<br>ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി സീമ എസ്. |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. രാജൻ നാംദേവ് ഖോബ്രഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 09.04.2025 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24.04.2025 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 25.04.2025 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 26.04.2025 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കണ്ണൂർ ജില്ലയിലെ പിണറായി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം.

2. കണ്ണൂർ ജില്ലയിലെ പിണറായി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയിൽ പ്രതിവർഷം പതിനായിരത്തോളം രോഗികൾ ചികിത്സ തേടിയെത്തുന്നുണ്ടെന്നും, ചികിത്സ തേടിയെത്തുന്ന രോഗികളിൽ ഭൂരിഭാഗം പേർക്കും കിടത്തി ചികിത്സ ആവശ്യമായി വരുന്നുവെന്നും നിലവിൽ കിടത്തി ചികിത്സിക്കേണ്ട രോഗികളെ ടി ഡിസ്പെൻസറിയിൽ നിന്നും 20 കി.മീ. അകലെയുള്ള കണ്ണൂർ ജില്ലാ ആയുർവേദ ആശുപത്രിയിലേക്കും 15 കി.മീ. അകലെയുള്ള തലശ്ശേരി ഗവൺമെന്റ് ആയുർവേദ ആശുപത്രിയിലേക്കുമാണ് റഫർ ചെയ്യുന്നതെന്നും ഇത്രയും ദൂരം യാത്ര ചെയ്ത് ചികിത്സിക്കാൻ പ്രായമുള്ള പല രോഗികൾക്കും സാധിക്കുന്നില്ലെന്നും ആയതിനാൽ ടി ഡിസ്പെൻസറി 30 കിടക്കകളുള്ള ആയുർവേദ ആശുപത്രിയായി ഉയർത്തേണ്ടത് അത്യാവശ്യമാണെന്നും ആയതിനാൽ ടി ആയുർവേദ ആശുപത്രിയെ 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിന് നാഷണൽ ആയുഷ് മിഷൻ മുഖേന കരാർ വ്യവസ്ഥയിൽ നിയമിക്കുവാൻ സാധിക്കുന്ന 6 തസ്തികകളും, സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് അധികമായി സൃഷ്ടിക്കേണ്ടി വരുന്ന 12 സ്ഥിര തസ്തികകളും സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

3. പിണറായി സർക്കാർ ആയുർവേദ ഡിസ്പെൻസറിയെ 30 കിടക്കളുള്ള ആശുപത്രിയായി ഉയർത്തി തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച് വിഷയത്തിന്മേൽ ധനകാര്യ വകുപ്പിനോട് അഭിപ്രായം ആരാഞ്ഞപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"കണ്ണൂർ ജില്ലയിലെ പിണറായി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയുടെ കെട്ടിട നിർമ്മാണ പ്രവർത്തികൾ അന്തിമഘട്ടത്തിലാണെന്നും ടി ഡിസ്പെൻസറിയുടെ അടുത്ത് കിടത്തിചികിത്സാ സൗകര്യങ്ങളുള്ള മറ്റ് ആശുപത്രികൾ നിലവിലില്ല എന്ന വസ്തുത കണക്കിലെടുത്തും, ടി ഡിസ്പെൻസറിയെ 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ചുള്ള ഭരണ വകുപ്പ് ശിപാർശ അംഗീകരിക്കുന്നു.

" ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

4. ധന വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പിണറായി സർക്കാർ ആയുർവേദ ഡിസ്പെൻസറിയെ 30 കിടക്കളുള്ള ആശുപത്രിയായി ഉയർത്തുന്ന വിഷയം

മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാമോയെന്നതു സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി കണ്ട് ഫയൽ സമർപ്പിക്കാൻ ബഹു മുഖ്യമന്ത്രി ഉത്തരവായി.

5. ആയതിന്മേൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം സഹിതം ഫയൽ ബഹു. മുഖ്യമന്ത്രിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചു.

- കുക്ക്, സാനിറ്റേഷൻ വർക്കർ തസ്തികകളിൽ ദിവസവേതന നിയമനം പരിഗണിക്കാം.
- മെഡിക്കൽ ഓഫീസർ (1), ഫാർമസിസ്റ്റ് (1), നഴ്സ് (1), ആയുർവേദ തെറാപ്പിസ്റ്റ് (2), നഴ്സിംഗ് അസിസ്റ്റന്റ് (1) എന്നീ ആറ് തസ്തികകളിൽ നാഷണൽ ആയുഷ് മിഷൻ മുഖേന കരാർ നിയമനം നടത്താം.
- ചീഫ് മെഡിക്കൽ ഓഫീസർ (1) , നഴ്സ് ഗ്രേഡ് II (2), ക്ലാർക്ക് (1), ആയുർവേദ തെറാപ്പിസ്റ്റ് (1), നഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ് II (1) എന്നീ തസ്തികകൾ സൃഷ്ടിക്കാവുന്നതാണ് .

6. ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## <u>തീരുമാനിക്കേണ്ട വിഷയം</u>

1) കണ്ണൂർ ജില്ലയിലെ പിണറായി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്താമോ?

2) കണ്ണൂർ ജില്ലയിലെ പിണറായി ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി 30 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനായി ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള തസ്തികകൾ സൃഷ്ടിക്കാമോ?

| ക്രമ നം | തസ്തിക | ശമ്പള സ്കെയിൽ | എണ്ണം |
|---|---|---|---|
| 1. | ചീഫ് മെഡിക്കൽ ഓഫീസർ | 63700-123700 | 1 |
| 2. | നഴ്സ് ഗ്രേഡ്-II | 27900-63700 | 2 |
| 3. | ക്ലാർക്ക് | 26500-60700 | 1 |
| 4. | ആയുർവേദ തെറാപിസ്റ്റ് | 27900-63700 | 1 |
| 5. | നഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ്-II | 24400-55200 | 1 |

3) മെഡിക്കൽ ഓഫീസർ (1), ഫാർമസിസ്റ്റ് (1), നഴ്സ് (1), ആയുർവേദ തെറാപ്പിസ്റ്റ് (2), നഴ്സിംഗ് അസിസ്റ്റന്റ് (1) എന്നീ തസ്തികകളിൽ നാഷണൽ ആയുഷ് മിഷൻ മുഖേന കരാർ നിയമന വ്യവസ്ഥയിൽ നിയമനം നടത്താമോ?

4) കുക്ക്(1), സാനിറ്റേഷൻ വർക്കർ(1) എന്നീ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താമോ?